**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 330** | **27-10-2021 - ൽ മറുപടിയ്ക്ക്**

**മെട്രോ റെയിൽ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ദെലീമ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോയിലെ പ്രതിദിന യാത്രക്കാരുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കുമോ; | (എ) | ഉണ്ട്. നിലവിൽ പ്രതിദിനം ശരാശരി 35000 യാത്രക്കാർ യാത്ര ചെയ്യുന്നുണ്ട്. |
| (ബി) | തലസ്ഥാന മെട്രോയുടെയും കോഴിക്കോട് മെട്രോയുടെയും സഞ്ചാരപഥ നിർണ്ണയം പുനഃപരിശോധിക്കേണ്ടതുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | തലസ്ഥാന മെട്രോയുടേയും, കോഴിക്കോട് മെട്രോയുടേയും ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദമായ പഠന രേഖ (ഡി.പി.ആർ) നിലവിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കേരളാ റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) എന്ന സ്ഥാപനം കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു. തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ നിലവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സഞ്ചാരപഥത്തിൽ നിന്ന് ടെക്നോപാർക്ക് ഭാഗത്തേക്കുള്ള ഒരു ശാഖ കൂടി നിർമ്മിക്കുന്നത് പദ്ധതിയുടെ വിജയസാദ്ധ്യത വർദ്ധിപ്പിക്കുമെന്ന് ഇതിനായി നടത്തിയ സാദ്ധ്യതാപഠനത്തിൽ കണ്ടെത്തിയിരുന്നു. പ്രസ്തുത ശാഖയുടെ വിശദപദ്ധതിരേഖ (ഡി.പി.ആർ) തയ്യാറാക്കാനുള്ള നടപടികൾ KRTL ആരംഭിച്ചിരുന്നു. മെട്രോ പദ്ധതികളുടെ കാര്യക്ഷമവും സുഗമവുമായ ഏകോപനത്തിനും നടത്തിപ്പിനും ഒരു സംസ്ഥാനത്തിന് ഒരു Special Purpose Vehicle (SPV) ആയിരിക്കും അഭികാമ്യം എന്ന കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ ശിപാർശ പരിഗണിച്ചും കേന്ദ്രസർക്കാരിന്റെ പുതുക്കിയ മെട്രോ നയങ്ങൾക്കനുസൃതമായും നിലവിലെ അലൈൻമെന്റിൽ കിഴക്കേകോട്ടയെ ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ ഡി.പി.ആർ തയ്യാറാക്കുവാനും തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസിയായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (KMRL) നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച |

| | | | |
|---|---|---|---|
| | | | വരുന്നു. ഇതിന്റെ ഭാഗമായി KMRL-ന്റെ നേതൃത്വത്തിൽ സൈറ്റ് വിസിറ്റ് നടത്തി പുതുക്കിയ സഞ്ചാരപഥം സംബന്ധിച്ച പഠനം നടത്തി വരികയാണ്. |
| (സി) | തലസ്ഥാന മെട്രോയുടെയും കോഴിക്കോട് ലൈറ്റ് മെട്രോയുടെയും പദ്ധതികൾ പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | തലസ്ഥാന മെട്രോയുടേയും, കോഴിക്കോട് മെട്രോയുടേയും ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദമായ പഠന രേഖ (ഡി.പി.ആർ) നിലവിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കേരളാ റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) എന്ന സ്ഥാപനം കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു. തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ നിലവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സഞ്ചാരപഥത്തിൽ നിന്ന് ടെക്നോപാർക്ക് ഭാഗത്തേക്കുള്ള ഒരു ശാഖ കൂടി നിർമ്മിക്കുന്നത് പദ്ധതിയുടെ വിജയസാദ്ധ്യത വർദ്ധിപ്പിക്കുമെന്ന് ഇതിനായി നടത്തിയ സാദ്ധ്യതാപഠനത്തിൽ കണ്ടെത്തിയിരുന്നു. പ്രസ്തുത ശാഖയുടെ വിശദപദ്ധതിരേഖ (ഡി.പി.ആർ) തയ്യാറാക്കാനുള്ള നടപടികൾ KRTL ആരംഭിച്ചിരുന്നു. മെട്രോ പദ്ധതികളുടെ കാര്യക്ഷമവും സുഗമവുമായ ഏകോപനത്തിനും നടത്തിപ്പിനും ഒരു സംസ്ഥാനത്തിന് ഒരു Special Purpose Vehicle (SPV) ആയിരിക്കും അഭികാമ്യം എന്ന കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ ശിപാർശ പരിഗണിച്ചും കേന്ദ്രസർക്കാരിന്റെ പുതുക്കിയ മെട്രോ നയങ്ങൾക്കനുസൃതമായും നിലവിലെ അലൈൻമെന്റിൽ കിഴക്കേകോട്ടയെ ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ ഡി.പി.ആർ തയ്യാറാക്കുവാനും തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസിയായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (KMRL) നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി KMRL-ന്റെ നേതൃത്വത്തിൽ സൈറ്റ് വിസിറ്റ് നടത്തി പുതുക്കിയ സഞ്ചാരപഥം സംബന്ധിച്ച പഠനം നടത്തി വരികയാണ്. |
| (ഡി) | പ്രതിദിന യാത്രക്കാരുടെ കുറവ് മൂലമുള്ള കൊച്ചി മെട്രോയുടെ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നഷ്ടം എത്രയെന്നും അത് നികത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ? | (ഡി) | പ്രതിദിന യാത്രക്കാരുടെ കുറവ് മൂലം 2021 ഏപ്രിൽ മാസം മുതൽ 2021 സെപ്റ്റംബർ മാസം വരെയുള്ള പ്രവർത്തന നഷ്ടം 19 കോടി രൂപയാണ്. നഷ്ടം നികത്തുവാനും, യാത്രക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും വേണ്ടി കൊച്ചി വൺ കാർഡ് ഉപയോഗിക്കുന്നവർക്ക് ആനുകൂല്യങ്ങളും കിഴിവുകളും നൽകി വരുന്നു. ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ